File No.EXP-B2/589/2017-FIN

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്- ഭരണ വകുപ്പുകളുടേയും വകുപ്പ് മേധാവികളുടേയും സാമ്പത്തികാധികാരം - പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ധനകാര്യ(എക്സ്പെൻഡിച്ചർ ബി) വകുപ്പ്

**സ.ഉ.(അച്ചടി) നം.101/2018/ധന.** തീയതി,തിരുവനന്തപുരം, 03/07/2018

---

**പരാമർശം:-** 07.08.2017ലെ സ.ഉ.(പി) നം.102/2017/ധന ഉത്തരവ്

<u>ഉത്തരവ്</u>

പരാമർശം സർക്കാർ ഉത്തരവ് പ്രകാരം ഭരണ വകുപ്പുകളുടേയും വകുപ്പ് മേധാവികളുടേയും സാമ്പത്തികാധികാരം പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ ഭരണ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി/വസ്തുവിൽ നിന്നുള്ള ഫലവൃക്ഷാദായം മത്സരാധിഷ്ഠിത ലേലം നടത്തി വിൽക്കുന്നതിന് വകുപ്പ് മേധാവികൾക്ക് സാമ്പത്തികാധികാരം നിലവിലില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, അതത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി/വസ്തുവിൽ നിന്നുള്ള ഫലവൃക്ഷാദായം സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ച് മത്സരാധിഷ്ഠിത ലേലം നടത്തി വിൽക്കുന്നതിന് വകുപ്പ് മേധാവിയ്ക്ക് പരിധിയില്ലാതെ സാമ്പത്തികാധികാരം നൽകിക്കൊണ്ട് ഉത്തരവാകുന്നു. ലേലതുക സർക്കാർ വരുമാനമായി കണക്കാക്കിക്കൊണ്ട് ബന്ധപ്പെട്ട റവന്യൂ കണക്കിനത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. പ്രസ്തുത തുക ട്രഷറി/ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കാൻ പാടുള്ളതല്ല എന്നും നിഷ്കർഷിക്കുന്നു .

പരാമർശം സർക്കാർ ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി**

പ്രിൻസിപ്പല് സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

3.സെക്രട്ടറിയറ്റിലെ എല്ലാ വകുപ്പുകൾക്കും

4.എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും

5.എല്ലാ ജില്ലാ കളക്ടർമാർക്കും

6. എല്ലാ വകുപ്പ മേധാവികൾക്കും

7.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

8.എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറി

9. പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി

10.ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി

11. പബ്ലിക് റിലേഷൻസ് ഡയറക്ടർ

12.ട്രഷറി ഡയറക്ടർ , തിരുവനന്തപുരം

13. നോഡൽ ഓഫീസർ, www.finance.kerala.gov.in

14.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ